I.ഇ.ബി. XII-കേരള നിയമസഭ/VII-7

## പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 മാർച്ച് 10, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### ഗവർണ്ണറുടെ സന്ദേശം

2008 ഫെബ്രുവരി മാസം 27-ാം തീയതി സഭ അംഗീകരിച്ച നന്ദി പ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ നൽകിയ മറുപടി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

### അഭിവാദ്യങ്ങൾ

### കോമൺവെൽത്ത് ദിനാഘോഷം

മി. സ്പീക്കർ: പാർലമെന്ററി ജനാധിപത്യത്തിന്റെ ഉയർന്നമൂല്യങ്ങൾ കാത്തുസൂക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധമായ കോമൺവെൽത്ത് രാജ്യങ്ങളിലെ നിയമനിർമ്മാണസഭകളുടെ സംഘടനയായ കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷന്റെ 2008-ലെ വാർഷിക ദിനത്തിൽ കേരള നിയമസഭയുടെ അഭിവാദ്യങ്ങൾ അർപ്പിക്കുന്നു.

## അടിയന്തിരപ്രമേയം

തലശ്ശേരി താലൂക്കിൽ നിലനിൽക്കുന്ന സംഘർഷം

മി. സ്പീക്കർ : തലശ്ശേരി താലൂക്കിൽ അഞ്ച് ദിവസമായി നടന്നുവരുന്ന രാഷ്ട്രീയ കൊലപാതകങ്ങളും സംഘർഷങ്ങളുംമൂലം ജനങ്ങളുടെ സ്വൈരജീവിതത്തിനുണ്ടായിട്ടുള്ള ഭീഷണിയും ഭീതിജനകമായ സാഹചര്യവുംമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സുധാകരൻ, വി.കെ. ഇബ്രാഹിംകുഞ്ഞ്, ജോസഫ് എം.പുതുശ്ശേരി, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): വളരെ ദുഖകരമായ സംഭവങ്ങളാണ് കഴിഞ്ഞദിവസങ്ങളിൽ തലശ്ശേരി താലൂക്കിലുണ്ടായത്. 2008 മാർച്ച് 5, 6, 7 തീയതികളിൽ ബി.ജെ.പി.-ആർ.എസ്സ്.എസ്സ് - സി.പി.ഐ(എം) പ്രവർത്തകർ തമ്മിലുണ്ടായ അക്രമസംഭവ ങ്ങളിൽ 7 പേർ കൊലചെയ്യപ്പെടുകയും 15-ഓളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. 2007 നവംബർ 5-ന് തലശ്ശേരിയിൽ കുട്ടികളുടെ മുന്നിൽവച്ച് ഒരു സംഘം ആർ.എസ്.എസ്. പ്രവർത്തകർ സി.പി.ഐ(എം) പ്രവർത്തകനായ എം.കെ. സുധീറിനെ വെട്ടി കൊലപ്പെടുത്തിയ സംഭവത്തോടെയാണ് തലശ്ശേരിയിലെ സ്ഥിതിഗതികൾ സംഘർഷത്തിലേയ്ക്ക് എത്തിയത്. തുടർന്ന് നടന്ന സമാധാനയോഗത്തിൽ ഇരുപാർട്ടിനേതാക്കളും നടത്തിയ ചർച്ചയെത്തുടർന്ന് സമാധാനം പുനഃസ്ഥാപിച്ചു. എന്നാൽ അതിനുശേഷവും സംഘട്ടനങ്ങളും

കൊലപാതകങ്ങളും നടക്കുകയും അനിഷ്ടസംഭവങ്ങളുണ്ടാകാത്ത വിധത്തിൽ പോലീസ് കാര്യക്ഷമമായി പ്രവർത്തിച്ചുവരികയും ചെയ്തു. 2008 മാർച്ച് 5-ന് സ്ഥിതിഗതികൾ വീണ്ടും കൂടുതൽ സംഘർഷത്തിലേയ്ക്ക് നീങ്ങി. ഈ സംഭവത്തെത്തുടർന്ന് മുൻകരുതലായി പോലീസ് 115 പേരെ കസ്റ്റഡിയിലെടുക്കുകയും 49 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു. 20-9-07 മുതൽ 21-1-08 വരെ നടന്ന സംഭവങ്ങളുടെ അടിസ്ഥാനത്തിൽ പോലീസ് 127 ക്രിമിനൽ കേസ്സുകളെടുക്കുകയും പ്രതികളായ 198 സി.പി.ഐ. (എം) പ്രവർത്തകരേയും 139 ബി.ജെ.പി. പ്രവർത്തകരേയും അറസ്റ്റ് ചെയ്യുകയും ചെയ്തു. മാർച്ച് 5-ലെ സംഭവത്തെത്തുടർന്ന് എ.ഡി.ജി.പി.യുടെ നേതൃത്വത്തിൽ സുശക്തമായ പോലീസ് നടപടികൾ സ്വീകരിച്ചുവരുന്നു. ഐ.ജി., 4 എസ്.പി., 16 ഡിവൈ.എസ്.പി., 20 സി.ഐ., 90 എസ്.ഐ. എന്നിവർ ഉൾപ്പെടെ മൊത്തം ആയിരത്തോളം പോലീസുകാർ സംഭവസ്ഥലത്ത് ക്യാമ്പ് ചെയ്യുന്നു; 33 പോലീസ് പിക്കറ്റ് ഏർപ്പെടുത്തി. 25 പോലീസ് മൊബൈൽ സ്ക്വാഡ് റോന്ത് ചുറ്റിക്കൊണ്ടിരിക്കുന്നു. കേരള പോലീസ് ആക്ടിലെ 19, 21, 23 വകുപ്പുകൾ പ്രകാരം പ്രശ്നബാധിത പ്രദേശങ്ങളിൽ നിരോധനാജ്ഞ പുറപ്പെടുവിച്ചിട്ടുണ്ട്. നൂറോളം സ്ഥലങ്ങളിൽ പോലീസ് റെയ്ഡ് നടത്തി ആയുധങ്ങളും മറ്റും കണ്ടെടുത്തു. പ്രതികളെന്ന് സംശയിക്കപ്പെടുന്നവരുടെ വീട് റെയ്ഡ് നടത്തുകയും വാഹന പരിശോധന നടത്തുകയും ചെയ്തുവരുന്നു. തലശ്ശേരിയിൽ സ്പെഷ്യൽ കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചു. മൂന്ന് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്മാരെ പ്രത്യേകമായി

അവിടേയ്ക്ക് നിയോഗിച്ചിട്ടുണ്ട്. സ്ഥിതിഗതികളിൽ പോലീസ് ശക്തമായി ഇടപെടുന്നു. കേസന്വേഷണത്തിനായി പ്രത്യേക സ്ക്വാഡിനെ നിയോഗിച്ചിട്ടുണ്ട്. ക്രമസമാധാനപാലനത്തിന് മുൻഗണന കൊടുക്കുന്നതിന് സ്പെഷ്യൽ ടീമിനെത്തന്നെ നിയോഗിച്ചിട്ടുണ്ട്. സി.പി.ഐ.(എം.), ബി.ജെ.പി., ആർ.എസ്.എസ്. എന്നീ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളുമായി ചർച്ച നടത്തുകയും ഇത്തരത്തിലുള്ള യാതൊരു സംഭവവികാസങ്ങളും ഇനി നടത്തുകയില്ലെന്ന് അവർ ഗവണ്മെന്റിന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. മൂന്ന് ദിവസമായി കണ്ണൂരിൽ യാതൊരു സംഭവവും റിപ്പോർട്ട് ചെയ്തിട്ടില്ല. ഇപ്പോൾ സ്ഥിതിഗതികൾ സമാധാനത്തിലേയ്ക്ക് എത്തുകയും പൂർണ്ണമായും നിയന്ത്രണവിധേയമാവുകയും ചെയ്തിട്ടുണ്ട്. സമാധാനശ്രമം തടസ്സപ്പെടുത്തുന്ന ഏതു പ്രവർത്തനത്തേയും ഗവണ്മെന്റ് കർശനമായി തടയും.

<u>ശ്രീ. കെ. സുധാകരൻ :</u> ഏതുസമയത്തും പൊട്ടിത്തെറിയുണ്ടാകാവുന്ന സ്ഥിതിവിശേഷമാണ് ഇപ്പോൾ തലശ്ശേരിയിലുള്ളത്. തെരുവിൽ ഇറങ്ങിനടക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യം കണക്കിലെടുത്ത് മൂന്ന് വിവാഹങ്ങളും എട്ടോളം അമ്പലങ്ങളിലെ ഉത്സവങ്ങളും മാറ്റിവയ്ക്കപ്പെട്ടു. റോഡുകളിലും റെയിൽവേ സ്റ്റേഷനുകളിലും ആളുകളില്ല. നാലഞ്ച് കടകൾ മാത്രം ചിലയിടങ്ങളിൽ തുറന്നിരിക്കുന്നു. പാർട്ടി മേൽവിലാസമുള്ള ആരുടേയും കടകൾ തുറന്നിട്ടില്ല. തലശ്ശേരിയിലെ കലാപം പെട്ടെന്നുണ്ടായതല്ല. കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ ബോംബുകൾ സൂക്ഷിച്ച പത്തിരുപത് വീടുകളിൽ ബോംബ് പൊട്ടി. കൈപ്പത്തി നഷ്ടപ്പെട്ട ആളുകൾ തലശ്ശേരിയിലേയും കോഴിക്കോട്ടേയും ആശുപത്രികളിലുണ്ട്. വാഹനങ്ങളിൽനിന്നും വാൾ, വടിവാൾ എന്നിവ നിരവധി പ്രാവശ്യം

പിടിക്കുന്നതിന് പോലീസ് നിർബന്ധിതരായിട്ടുണ്ട്. കണ്ണൂരിൽ പോലീസ് സംവിധാനത്തെ ദുർബലമാക്കിക്കൊണ്ട് ഗവൺമെന്റും പാർട്ടിയും ചേർന്ന് സ്പോൺസർ ചെയ്ത കലാപമാണ് അരങ്ങേറിയതെന്ന സത്യം നിഷേധിക്കാനാവില്ല. തലശ്ശേരിയിൽ പോലീസും കൊലയാളികളും പരസ്പര ധാരണയിലാണ് പെരുമാറിയത്. ഒരു അക്രമിയെപ്പോലും അവിടെ അറസ്റ്റ് ചെയ്തിട്ടില്ല. തലശ്ശേരിയിൽ വിന്യസിച്ച പോലീസുകാരിൽ മൂന്നിൽ രണ്ടുഭാഗത്തെയും പാർട്ടി ഓഫീസുകൾക്ക് കാവലേർപ്പെടുത്താനാണ് വിനിയോഗിച്ചത്. മിണ്ടാപ്രാണികളെവരെ കൊലപ്പെടുത്തി. ഈ ക്രൂരമായ സംഭവങ്ങളെ ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും വളരെ ലാഘവത്തോടെയാണ് കണ്ടത്. തലശ്ശേരിയിൽ താൽക്കാലികമായി അക്രമികൾ മാറിനിൽക്കുകയാണ്. കലാപവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി ഡൽഹിയിൽ നടത്തിയ പ്രസ്താവനയ്ക്കുനേരെ കേരളജനത എങ്ങനെ പ്രതികരിച്ചുവെന്ന് പരിശോധിക്കണം. സ്വന്തം അണികളെ നിയന്ത്രിക്കാൻ മന്ത്രിമാർക്ക് സാധിക്കണം. പോലീസ് ഉദ്യോഗസ്ഥരെക്കൊണ്ട് കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ ഗവൺമെന്റിന് കഴിയണം. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: തലശ്ശേരിയിൽ കഴിഞ്ഞ രണ്ടുമൂന്ന് ദിവസങ്ങളായി അപലപനീയമായ സംഭവങ്ങളാണ് ഉണ്ടായത്. യു.ഡി.എഫ്. ഭരണത്തിന്റെ കാലത്ത് ഈ രീതിയിലുള്ള 13 സംഭവങ്ങളുണ്ടായിട്ടുണ്ട്. പലപ്പോഴും സമാധാന ചർച്ചയും സർവ്വകക്ഷി യോഗവും നടന്നിട്ടുണ്ട്. ഇങ്ങനെയുള്ള സംഭവങ്ങൾ ഇനി ഉണ്ടാവില്ലെന്ന് ആർക്കും ഉറപ്പുപറയാൻ സാധിക്കില്ല.

തലശ്ശേരിയിലെ സ്ഥിതിഗതികൾ നിയന്ത്രിക്കാൻ ഗവൺമെന്റ് എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ട്. ആര് അക്രമം നടത്തിയാലും അതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ഈ പ്രശ്നത്തിൽ ഇടപെട്ടവർക്ക് പങ്കെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ സർവ്വകക്ഷി യോഗം വിളിക്കുന്നതിൽ പ്രസക്തിയില്ല. രണ്ടുകൂട്ടരേയും ഉൾപ്പെടുത്തി ഉഭയകക്ഷി ചർച്ച നടത്താൻ തീരുമാനിച്ചിരുന്ന സാഹചര്യത്തിലാണ് ഡൽഹിയിൽ സി.പി.ഐ(എം)-ന്റെ കേന്ദ്ര കമ്മിറ്റി ഓഫീസിന് നേരെ ആക്രമണം ഉണ്ടായത്. കലാപം തടയാൻ ആത്മാർത്ഥമായ സമീപനം സ്വീകരിക്കുമെന്ന് ഇരുകൂട്ടരും സമ്മതിച്ചിരിക്കുകയാണ്. ഇരുപാർട്ടികളിൽപ്പെട്ട നേതാക്കന്മാർ വേവ്വേറെ പത്രസമ്മേളനം നടത്തി കണ്ണൂരിൽ സമാധാനം ഉറപ്പുവരുത്തിയതിനുശേഷം യാതൊരു സംഭവവും ഉണ്ടായിട്ടില്ല. ഈ വാഗ്ദാനം ഗവൺമെന്റ് മുഖവിലയ്ക്ക് എടുത്തിരിക്കുകയാണ്. അതിന്റെയടിസ്ഥാനത്തിൽ രണ്ടുപാർട്ടികളുമായി ഗവൺമെന്റ് ചർച്ച നടത്തുന്നതാണ്. ആവശ്യമെങ്കിൽ മുഖ്യമന്ത്രി സർവ്വകക്ഷി യോഗം വിളിക്കുന്നതാണ്. അക്രമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കല്യാണങ്ങളോ ഉത്സവങ്ങളോ മാറ്റിവയ്ക്കേണ്ടിവന്നിട്ടില്ല. രണ്ട് സ്ഥലങ്ങളിൽ പോലീസ് അക്രമികൾക്കുനേരെ വെടിവയ്ക്കുകയും മൂന്ന് സ്ഥലങ്ങളിൽ ഗ്രനേഡ് പ്രയോഗിക്കുകയും ചെയ്തിട്ടുണ്ട്. പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടില്ല. സംഘർഷാവസ്ഥയ്ക്ക് ഇപ്പോൾ മാറ്റം വന്നിട്ടുണ്ട്. പോലീസിനെ ആക്രമിക്കപ്പെട്ട സംഭവം ഉണ്ടായിട്ടില്ല. മുമ്പ് ഈ രീതിയിലുള്ള പ്രശ്നങ്ങൾ ഉണ്ടായപ്പോഴെല്ലാം ബി.ജെ.പി.- സി.പി.ഐ(എം) പാർട്ടി ഓഫീസുകൾക്ക് മുന്നിൽ പോലീസ് കാവൽ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രതികളെ പിടികൂടുന്നതിനും മറ്റും പാർട്ടി ഓഫീസുകൾ പോലീസ് റെയ്ഡ് നടത്തിയ സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. പാർട്ടി ഓഫീസുകളുടെ ദൈനംദിന

പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുകയെന്നത് ഈ ഗവൺമെന്റിന്റെ നയമല്ല. പോലീസിന് പൂർണ്ണ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. ഡൽഹിയിൽ നടന്ന കേന്ദ്ര കമ്മിറ്റി യോഗത്തിൽ 7-ാം തീയതി മാത്രമാണ് ഞാൻ പങ്കെടുത്തത്. ആ ദിവസവും അവിടെനിന്ന് വേണ്ട നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഡി.ജി.പി. മുഴുവൻ സമയവും സംഭവ സ്ഥലത്തുണ്ടായിരുന്നു. ഇതിൽ വിവാദമാക്കേണ്ട പ്രശ്നങ്ങളൊന്നുമില്ല. മനുഷ്യജീവൻ നഷ്ടപ്പെടുന്ന സംഭവം ആരുടെ ഭാഗത്തുനിന്നുണ്ടായാലും അത് തടയുമെന്ന കാര്യത്തിൽ സംശയമില്ല. കേന്ദ്ര സേന കാവൽ നിൽക്കുന്ന ഡൽഹിയിലാണ് സി.പി.ഐ.(എം)-ന്റെ കേന്ദ്ര കമ്മിറ്റി ഓഫീസിന് നേരെ അക്രമം നടത്തിയതെന്ന കാര്യം പ്രതിപക്ഷം മറക്കരുത്. പ്രതിപക്ഷത്തിന്റെയും മറ്റെല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണത്തോടെ സമാധാനപരമായ രാഷ്ട്രീയ പ്രവർത്തനം ഉറപ്പുവരുത്തണം. പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാൻ തയ്യാറാകണം. സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> മൂന്ന് ദിവസം കൊണ്ട് 7 മനുഷ്യജീവൻ നഷ്ടപ്പെട്ട സംഭവം സഭ കൂടിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ചർച്ച ചെയ്യാതെ പോകുന്നത് ശരിയല്ല. സമാധാനം പുന:സ്ഥാപിക്കുന്ന കാര്യത്തിൽ പ്രതിപക്ഷത്തിന്റെ പൂർണ്ണമായ പിൻതുണയുണ്ട്. സഭാനടപടികൾക്ക് തടസ്സമില്ലാത്ത വിധത്തിൽ ചർച്ച ചെയ്യാനുള്ള നടപടി സ്വീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകണം. ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുടെ അഭിപ്രായം അറിയണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> തലശ്ശേരിയിലെ സംഭവത്തെക്കുറിച്ച് ചർച്ച ചെയ്യാനും സൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കാ

നുമായി സർവ്വകക്ഷിയോഗം വിളിക്കുന്നതിന് ഗവണ്മെന്റ് ആലോചിച്ചിരിക്കുകയായിരുന്നു. അതിനുമുമ്പ് അവിടത്തെ സ്ഥിതിഗതികൾ നേരിട്ട് മനസ്സിലാക്കാൻ ആഭ്യന്തര വകുപ്പുമന്ത്രി തലശ്ശേരിയിൽ പോകുകയും ഒരു പരിധിവരെ രമ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വകക്ഷിയോഗം വിളിക്കണമെന്ന് ഗവണ്മെന്റ് തീരുമാനിക്കുകയും പ്രതിപക്ഷനേതാവ് ആവശ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സി.പി.ഐ.(എം)-ലെയും ആർ.എസ്.എസ്.-ബി.ജെ.പി-യിലേയും. നേതാക്കളുമായി സംസാരിച്ചപ്പോൾ ഇത്തരം സംഭവം ഉണ്ടാവുകയില്ല എന്ന് ഉറപ്പ് പറഞ്ഞുവെങ്കിലും ഒരുമിച്ചിരുന്നുള്ള ചർച്ചയ്ക്ക് സന്നദ്ധമല്ലെന്ന് ആർ.എസ്.എസ്-ബി.ജെ.പി. പ്രവർത്തകർ പ്രസ്താവന ഇറക്കിയിരിക്കുകയാണ്. അടിയന്തിരപ്രമേയം സംബന്ധിച്ച് നടന്ന ചർച്ചയിൽ ഇതു സംബന്ധിച്ച് ഗവണ്മെന്റ് കൈക്കൊള്ളാൻ പോകുന്ന നിലപാട് വിശദീകരിച്ചുകഴിഞ്ഞു. ആർ.എസ്.എസ്.-ബി.ജെ.പി. പ്രവർത്തകർ ഒരുമിച്ചിരുന്നുള്ള ചർച്ചയ്ക്ക് സന്നദ്ധമാണെന്നുള്ള നിലപാട് അറിയിക്കുന്ന സന്ദർഭത്തിൽ അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് സർവ്വകക്ഷിയോഗം കഴിയുന്നത്ര വേഗം വിളിക്കുന്നതാണ്. സമാധാന അന്തരീക്ഷം തകർക്കുന്നതിന്റെ തെളിവാണ് ഡൽഹിയിൽ സി.പി.ഐ(എം) -ന്റെ കേന്ദ്ര കമ്മിറ്റി ഓഫീസിനു നേരെ ഇന്നലെ നടന്ന അക്രമം. ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുടെ കേന്ദ്ര കമ്മിറ്റി ഓഫീസോ സംസ്ഥാന കമ്മിറ്റി ഓഫീസോ ആക്രമിക്കുന്ന നയമല്ല സി.പി.ഐ(എം) -നുള്ളത്. തലശ്ശേരിയിൽ സമാധാനപരമായ അന്തരീക്ഷമുണ്ടാക്കാൻ പ്രതിപക്ഷം സഹകരിക്കണം.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ഈ വിഷയം ചർച്ച ചെയ്യണ്ട എന്നുള്ള മുഖ്യമന്ത്രിയുടെയും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രിയുടെയും വിശദീകരണത്തിനോട് യോജിക്കുന്നില്ല. പാർലമെന്റിൽ ഇന്ന് ചോദ്യോത്തരവേളപോലും നിറുത്തിവച്ച് ഡൽഹിയിൽ ഇന്നലെ നടന്ന അക്രമസംഭവം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സി.പി.ഐ(എം) നോട്ടീസ് കൊടുത്തിരിക്കുകയാണ്. അതിനോട് കോൺഗ്രസ് പാർട്ടിക്കും യോജിപ്പാണ്. തലശ്ശേരിയിൽ 7 പേരുടെ മരണത്തിനിടയായ സംഭവം സഭ കൂടിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ചർച്ച ചെയ്യില്ല എന്നുള്ള നിലപാട് ജനാധിപത്യ മര്യാദയല്ല. അക്രമം ആരു കാണിച്ചാലും അതിനെ എതിർക്കുക എന്നുള്ളതാണ് യു.ഡി.എഫ്-ന്റെ സമീപനം. അക്രമത്തെ അക്രമം കൊണ്ട് പ്രതിഷേധിക്കുന്നത് ശരിയായ സമീപനമല്ല. ഇന്നലെ ഡൽഹിയിൽ നടന്നത് നിർഭാഗ്യകരമായ സംഭവമാണ്. അതിശക്തമായി അതിനെ എതിർക്കുക തന്നെ വേണം. ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി കണ്ണൂരിൽ വന്ന് രണ്ടു കൂട്ടരുമായും സംസാരിച്ചതിന്റെ പശ്ചാത്തലത്തിൽ ഇത്തരം സംഭവമുണ്ടാകുകയില്ലെന്ന് അവർ ഉറപ്പു നൽകിയതിൽ നിന്നും തലശ്ശേരിയിൽ നടന്ന കൊലപാതകങ്ങളുടെ ഉത്തരവാദി ആരാണെന്നുള്ളത് ഉറപ്പായ കാര്യമാണ്. വ്യക്തിവിരോധത്തിന്റെ പേരിൽ കൊല നടത്തിയ സംഭവങ്ങളുമുണ്ട്. സി.പി.ഐ(എം) പ്രവർത്തകനായ ജിതേഷിനെ കൊന്ന പ്രതികളെ അറസ്റ്റ് ചെയ്യാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. തലശ്ശേരിയിൽ ശാശ്വതമായ സമാധാനമാണ് ആവശ്യം. അതിന് പിൻതുണ നൽകാൻ പ്രതിപക്ഷം തയ്യാറാണ്. കണ്ണൂർ ജില്ലയിൽ സമാധാനാന്തരീക്ഷം പുന:സ്ഥാപിക്കണം. സർവ്വകക്ഷി യോഗം വിളിച്ച് അക്രമമുണ്ടാകാതിരിക്കാൻ ശാശ്വത പരിഹാരം കാണണം.

കൊലപാതക രാഷ്ട്രീയം ഇനിയും തുടരാതെ അത് അവസാനിപ്പിക്കാനുള്ള നടപടിയാണ് ആവശ്യമായിട്ടുള്ളത്. തലശ്ശേരി താലൂക്കിൽ സ്ഥിതിഗതികൾ ഇനിയും ശാന്തമായിട്ടില്ല. ബസ്സ് സർവ്വീസുകൾ പുനഃസ്ഥാപിച്ചിട്ടില്ല. ചർച്ച യില്ല എന്ന നിലപാടിനോട് പ്രതിപക്ഷത്തിന് യോജിക്കാൻ നിവർത്തിയില്ല. ഭീതിജനകമായ അന്തരീക്ഷമാണ് അവിടെ നിലനിൽക്കുന്നത്. സഭ നട ക്കുന്നെങ്കിൽ ഇതുസംബന്ധിച്ച് ചർച്ച വേണം.

(പ്രതിപക്ഷാംഗങ്ങൾ ഇരിപ്പിടങ്ങൾ വിട്ട് നടുത്തളത്തിലിറങ്ങി മുദ്രാ വാക്യം വിളിച്ചുകൊണ്ടിരുന്നു.)

ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നതിന് ശ്രീ. പി. സി. വിഷ്ണുനാ ഥിനെ വിളിച്ചെങ്കിലും ബഹുമാനപ്പെട്ട അംഗം സീറ്റിലുണ്ടായിരുന്നില്ല. ശ്രീ. പി. വിശ്വന് സഭയിലെ ബഹളം കാരണം ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പി ക്കാൻ കഴിഞ്ഞില്ല.

## സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

2007-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2008 മാർച്ച് 10-ാം തീയതിവരെ ദീർഘിപ്പിക്കണമെന്ന പ്രമേയം സഭ അംഗീക രിച്ചു.

## റിപ്പോർട്ട് സമർപ്പണം

1. 2007-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
2. പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ നാല്പതു മുതൽ

നാല്പത്തിയഞ്ചുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

**2008-2009 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച**

പ്രതിപക്ഷ കക്ഷി അംഗങ്ങൾ ബഹളം വച്ചുകൊണ്ടിരുന്നതുമൂലം സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്തതുകൊണ്ട് സഭ ഇന്നത്തേയ്ക്ക് പിരിയുന്നതായി ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

സഭ രാവിലെ 10.40-ന് പിരിഞ്ഞു.

******************